REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 31-12-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ആയിരക്കണക്കിന് വർഷങ്ങളായി ഭാരതത്തെ ഒന്നിപ്പിച്ച ആഴമേറിയ നാഗരികവും ആത്മീയവുമായ തുടർച്ചയാണ് കാശി തമിഴ് സംഗമം എന്ന് ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ.**
- **പുതിയ പൊലീസ് വാഹനങ്ങളുടെ ഫ്ളാഗ് ഓഫ് ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവ്വഹിക്കും.**
- **മെഡിസെപ്പ് ഒന്നാം ഘട്ട പദ്ധതി ജനുവരി 31 വരെ തുടരുമെന്ന് മന്ത്രി KN ബാലഗോപാൽ.**
- **മകരവിളക്ക് മഹോത്സവത്തിന് ശബരിമല ക്ഷേത്ര നട ഇന്നലെ തുറന്നു.**
- **ഇന്ത്യ - ശ്രീലങ്ക വനിതാ ട്വന്റി- 20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരത്തിൽ ഇന്ത്യ, ശ്രീലങ്കയെ തകർത്തു.**

## വാർത്തകൾ വിശദമായി

കാശിയും തമിഴ്നാടും തമ്മിലെ ബന്ധം കേവലം ചരിത്രപരമല്ലെന്നും, ആയിരക്കണക്കിന് വർഷങ്ങളായി ഭാരതത്തെ ഒന്നിപ്പിച്ച ആഴമേറിയ നാഗരികവും ആത്മീയവുമായ തുടർച്ചയാണെന്നും ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ പറഞ്ഞു. ഇത്തരം കൈമാറ്റങ്ങൾ ഇന്ത്യയുടെ പൈതൃകത്തെ വീണ്ടും ഉറപ്പിക്കുകയും ദേശീയ ഏകീകരണബോധം വർദ്ധിപ്പിക്കുകയും ചെയ്യുന്നുവെന്നും ഉപരാഷ്ട്രപതി പറഞ്ഞു. രാമേശ്വരത്ത് കാശി തമിഴ് സംഗമ സമാപന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഡെസ്ക് റിപ്പോർട്ട്

.......വോയ്സ്........

കാശി തമിഴ് സംഗമം ഏകീകൃതവും സംയോജിതവും ആത്മവിശ്വാസമുള്ളതുമായ ഇന്ത്യ എന്ന ദർശനത്തെ പ്രതിഫലിപ്പിക്കുന്നുവെന്ന് മഹാകവി സുബ്രഹ്മണ്യ ഭാരതിയെ ഉദ്ധരിച്ച്, ഉപരാഷ്ട്രപതി നിരീക്ഷിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ദീർഘവീക്ഷണത്തിലുള്ള പ്രവർത്തനത്തിലൂടെ ഭാരതിയുടെ സ്വപ്നം ഇന്ന് സാക്ഷാത്കരിക്കപ്പെടുന്നുണ്ടെന്നും CP രാധാകൃഷ്ണൻ പറഞ്ഞു.

കാശിയുടെ തീരത്ത് നിന്ന് ആരംഭിച്ച് രാമേശ്വരം തീരത്ത് അവസാനിക്കുന്ന കാശി തമിഴ് സംഗമം 'ഏക ഭാരതം, ശ്രേഷ്ഠ ഭാരതം' എന്നതിന്റെ ചൈതന്യം ശക്തിപ്പെടുത്തുകയും ജനങ്ങളെയും സംസ്കാരത്തെയും നൂറ്റാണ്ടുകൾ പഴക്കമുള്ള ബന്ധങ്ങളെയും കൂടുതൽ അടുപ്പിക്കുകയും ചെയ്തുവെന്നും കേന്ദ്രമന്ത്രി ധർമ്മേന്ദ്ര പ്രധാൻ ചടങ്ങിൽ പറഞ്ഞു.

തമിഴ് പുരാതന സാഹിത്യത്തിൽ കാശിയെക്കുറിച്ചുള്ള പരാമർശം വിശദീകരിച്ച കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി ഡോ.L മുരുഗൻ കാശിയും രാമേശ്വരവും സന്ദർശിക്കുക എന്ന ജനങ്ങളുടെ സ്വപ്നം സാക്ഷാത്കരിക്കുന്നതിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ശ്രമങ്ങളെ പ്രശംസിച്ചു.

✪✪✪

രാജ്യത്തെ പൗരന്മാരുടെ ജീവിതം സുഗമമാക്കുന്നതിനും ഗവൺമെന്റ് ജീവനക്കാർക്ക് ജോലി സൗഹൃദ അന്തരീക്ഷം വളർത്തിയെടുക്കുന്നതിനും ഈ വർഷം സാധിച്ചതായി കേന്ദ്രസഹമന്ത്രി ഡോ. ജിതേന്ദ്ര സിംഗ് പറഞ്ഞു. കേന്ദ്ര മന്ത്രാലയങ്ങളിലും വിവിധ വകുപ്പുകളിലുമായി 2025ൽ 20 ലക്ഷത്തിലധികം പൊതുജന പരാതികൾ തീർപ്പാക്കാൻ സാധിച്ചതായും അദ്ദേഹം ന്യൂഡൽഹിയിൽ പറഞ്ഞു.

✪✪✪

ബംഗ്ലാദേശ് മുൻ പ്രധാനമന്ത്രിയും ബംഗ്ലാദേശ് നാഷണലിസ്റ്റ് പാർട്ടി ചെയർപേഴ്സണുമായ ബീഗം ഖാലിദ സിയയുടെ സംസ്കാര ചടങ്ങിൽ പങ്കെടുക്കാൻ വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കർ ഇന്ന് ധാക്കയിലെത്തും. ബീഗം ഖാലിദ സിയയുടെ സംസ്കാര ചടങ്ങിൽ അദ്ദേഹം ഇന്ത്യയെ പ്രതിനിധീകരിക്കും.

ഉച്ചയ്ക്ക് രണ്ടിനാണ് സംസ്കാര ചടങ്ങുകൾ. ഇന്നലെയായിരുന്നു ബംഗ്ലാദേശിലെ ആദ്യ വനിതാ പ്രധാനമന്ത്രിയായിരുന്ന ഖാലിദ സിയയുടെ അന്ത്യം.

✪✪✪

പുതിയ വന്ദേഭാരത് സ്ലീപ്പർ ട്രെയിനിന്റെ ട്രയൽ റൺ റെയിൽവേ സേഫ്റ്റി കമ്മീഷണറുടെ നേതൃത്വത്തിൽ നടത്തിയതായി കേന്ദ്രമന്ത്രി അശിനി വൈഷ്ണവ് പറഞ്ഞു. കോട്ട നാഗ്ഡ സെക്ഷനിൽ ട്രയിൻ മണിക്കൂറിൽ 180 കിലോമീറ്റർ വേഗത്തിൽ ഓടിയതായി അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

ഇന്ത്യയുടെ വികസന യാത്രയിലെ നിർണായക വർഷമാണ് 2025. നയങ്ങളെ പുരോഗതിയിലേക്കും, ലക്ഷ്യങ്ങളെ ഫലപ്രാപ്തിയിലേക്കും നയിച്ച വർഷത്തെക്കുറിച്ച് ആകാശവാണി 'പരിഷ്ക്കരണ വർഷം' പ്രത്യേക പരമ്പരയിൽ ഇന്ന് 2025 ൽ ഇന്ത്യ ലോകത്തിലെ പുതിയ ഉൽപ്പാദന എഞ്ചിനായി എങ്ങനെ ഉയർന്നു വന്നുവെന്നതിനെ കുറിച്ച് ഒരു റിപ്പോർട്ട്.

......വോയ്സ്.....

ഈ വർഷം, ഇന്ത്യ വ്യാവസായിക, സാമ്പത്തിക പാതയിൽ 7.8 ശതമാനം വളർച്ചയോടെ നിർണായകമായ ഒരു മാറ്റത്തിലെത്തി. നേരിട്ടുള്ള വിദേശ നിക്ഷേപം വർദ്ധിക്കുകയും വ്യാവസായിക ശേഷി വികസിക്കുകയും ചെയ്തതിനാൽ രാജ്യം അതിവേഗം വളരുന്ന ഒരു വിപണിയായും പ്രധാന ആഗോള ഉൽപാദന കേന്ദ്രമായും സ്ഥാനം പിടിച്ചു. രാജ്യത്തെ ആദ്യ ടെമ്പർഡ്-ഗ്ലാസ് നിർമ്മാണ കേന്ദ്രം ഈ വർഷം നോയിഡയിൽ ഉദ്ഘാടനം ചെയ്യപ്പെട്ടു.ഊർജ്ജ മേഖലയിൽ 100 gigawatt സൗരോർജ്ജ ഉൽപാദന ശേഷിയിലെത്തി രാജ്യം പ്രധാന നേട്ടം കൈവരിച്ചു.

ഈ വർഷം 2,200 പുതിയ വിമാനങ്ങൾ കൂടി വന്നതോടെ വ്യോമയാന മേഖല ശക്തിപ്പെട്ടു. 2030 ആകുമ്പോഴേക്കും വിമാന യാത്രക്കാരുടെ എണ്ണം 630 ദശലക്ഷത്തിലെ ത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. രാജ്യത്തിന്റെ വ്യാവസായിക വളർച്ച ദശലക്ഷക്കണക്കിന് ആളുകൾക്ക്തൊഴിൽ അവസരമൊരുക്കി. ഇലക്ട്രോണിക്സ് മേഖല മാത്രം ഏകദേശം 25 ലക്ഷം തൊഴിലവസരങ്ങൾ ഉണ്ടാക്കി. പുരുഷന്മാരുടെ ദേശീയ തൊഴിലില്ലായ്മ നിരക്ക് 5 ശതമാനമായി കുറഞ്ഞു.പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ കീഴിലെ GST പരിഷ്കാരങ്ങൾ നിർമ്മാതാക്കൾക്ക് ഉൽപ്പാദന ചെലവുകളും സംഘർഷവുംകുറച്ചു. 2025 ൽ ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഉൽപ്പാദന, കയറ്റുമതി സമ്പദ്‌വ്യവസ്ഥകളിൽ ഒന്നായി ഇന്ത്യ ഉയർന്നുവന്നു.

✪✪✪

പുതിയ പൊലീസ് വാഹനങ്ങളുടെ ഫ്ളാഗ് ഓഫ് ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവ്വഹിക്കും. സംസ്ഥാന പോലീസ് സേനയുടെ കാര്യക്ഷമതയും അടിസ്ഥാന സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിനും കാലഹരണപ്പെട്ട വാഹനങ്ങൾ ഘട്ടം ഘട്ടമായി മാറ്റുന്നതിന്റെയും ഭാഗമായാണ് വിവിധ യൂണിറ്റുകൾക്ക് പുതിയ വാഹനങ്ങൾ വാങ്ങിയത്. ഉച്ചയ്ക്ക് തിരുവനന്തപുരം SAP പരേഡ് ഗ്രൗണ്ടിൽ നടത്തുന്ന ചടങ്ങിൽ സംസ്ഥാന പോലീസ് മേധാവി റവദാ ചന്ദ്രശേഖർ, പോലീസ് അഡ്മിനിസ്ട്രേഷൻ DIG ആർ നിശാന്തിനി, മറ്റ് മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ തുടങ്ങിയവർ സംബന്ധിക്കും.

✪✪✪

മെഡിസെപ്പ് ഒന്നാം ഘട്ട പദ്ധതി ജനുവരി 31 വരെ തുടരുമെന്ന് മന്ത്രി KN ബാലഗോപാൽ അറിയിച്ചു. ഒരു മാസം കൂടി ഒന്നാം ഘട്ട പദ്ധതി തുടരുന്നതിന് പ്രീമിയം തുകയായ 61 കോടി 14 ലക്ഷം രൂപ ഗവൺമെന്റ് അനുവദിച്ചതായി അദ്ദേഹം പറഞ്ഞു. മെഡിസെപ്പ് രണ്ടാംഘട്ട പദ്ധതി ജനുവരി ഒന്നുമുതൽ തീരുമാനിച്ച് നേരത്തെ ഉത്തരവിറക്കിയിരുന്നു. രണ്ടാംഘട്ട പദ്ധതിയുടെ സാങ്കേതിക നടപടികൾ പൂർത്തിയാകാത്ത സാഹചര്യത്തിലാണ് ഒന്നാംഘട്ട പദ്ധതി ഒരു മാസംകൂടി നീട്ടിയത്.

✪✪✪

പുതിയൊരു ചരിത്രം സൃഷ്ടിക്കുന്നതിന് ബോധപൂർവമായ ശ്രമം നടത്തുന്ന കാലഘട്ടത്തിലൂടെയാണ് നാം കടന്നു പോകുന്നതെന്ന് നിയമസഭാ സ്പീക്കർ AN ഷംസീർ പറഞ്ഞു. തലശ്ശേരി ഗവ. ബ്രണ്ണൻ കോളേജിൽ ഇന്ത്യൻ ചരിത്ര കോൺഗ്രസിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയുകയായിരുന്നു അദ്ദേഹം.

ചരിത്ര കോൺഗ്രസിന്റെ ഭാഗമായി നിർമ്മിച്ച 'തലശ്ശേരി-ദി ട്രസ്റ്റ് വിത്ത് ഹിസ്റ്ററി' എന്ന ഡോക്യുമെന്ററി സ്പീക്കർ ചടങ്ങിൽ പ്രകാശനം ചെയ്തു.

✪✪✪

ഇന്ത്യൻ ചരിത്ര കോൺഗ്രസിന്റെ ജനറൽ ബോഡി യോഗം പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. ജനറൽ സെക്രട്ടറി ഡോ. സയിദ് അലി നദീം റസവിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം 85-ാമത് ഇന്ത്യൻ ചരിത്ര കോൺഗ്രസ് സമ്മേളനത്തിനായി പ്രൊഫ. മൃദുല മുഖർജിയെ പ്രസിഡന്റായും പ്രൊഫ. രാജ് ശേഖർ ബസുവിനെ സെക്രട്ടറിയായും തെരഞ്ഞെടുത്തു.

ഇർഫാൻ ഹബീബ്, ഡോ. രാജൻ ഗുരുക്കൾ എന്നിവർ വൈസ് പ്രസിഡന്റുമാരായി പ്രവർത്തിക്കും.

✪✪✪

മലബാർ മിൽമയുടെ സഹോദര സ്ഥാപനമായ മലബാർ റൂറൽ ഡവലപ്പ്മെന്റ് ഫൗണ്ടേഷൻ ക്ഷീര കർഷകർക്ക് ഗോതമ്പ് തവിട്, ചോളപ്പൊടി എന്നിവയ്ക്ക് സബ്സിഡി പ്രഖ്യാപിച്ചു. ജനുവരി ഒന്നു മുതൽ രണ്ടു മാസക്കാലത്തേക്ക് കിലോയ്ക്ക് ഒരു രൂപ നിരക്കിലാണ് സബ്സിഡി ലഭിക്കുക. MSRF ബോർഡ് ഓഫ് ട്രസ്റ്റീസ് യോഗമാണ് തീരുമാനം കൈക്കൊണ്ടത്.

ഡയാലിസിസിനു വിധേയരാവുന്ന 53 ക്ഷീര കർഷകർക്ക് നിലവിൽ പ്രതിമാസം നൽകിവരുന്ന 1000 രൂപ ചികിത്സാ സഹായം തുടരാനും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കാതെ ചത്ത 11 പശുക്കളുടെ ഉടമസ്ഥർക്ക് MRDF ചാരിറ്റി ഫണ്ടിൽ നിന്ന് പ്രത്യേക സഹായധനം അനുവദിക്കാനും യോഗം തീരുമാനിച്ചു.

✪✪✪

സംസ്ഥാന സർവകലാശാലകളിലെ സ്ഥിരം ഗവേഷണ വിദ്യാർത്ഥികൾക്ക് CM റിസർച്ച് സ്കോളർഷിപ്പ് ഇന്ന് വിതരണം ചെയ്യും. തിരുവനന്തപുരം ഗവണ്മെന്റ് വനിതാ കോളേജിൽ മന്ത്രി ഡോ.R. ബിന്ദു ഉദ്ഘാടനം ചെയ്യും. 2025 ജനുവരി ബാച്ചിന്റെ ആദ്യ ഗഡു സ്കോളർഷിപ്പ് തുകയാണ് വിതരണം ചെയ്യുന്നത്.

✪✪✪

പട്ടികവർഗ വികസന വകുപ്പിന് കീഴിൽ പ്രവൃത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിലെയും ഹോസ്റ്റലുകളിലെയും വിദ്യാർഥികളുടെ സംസ്ഥാനതല കലാമേള -സർഗോത്സവം കണ്ണൂരിൽ സമാപിച്ചു. കാസർഗോഡ് പരവനടുക്കം മോഡൽ റെസിഡൻഷ്യൽ സ്കൂളിനാണ് കിരീടം.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി KO. ശശിധരൻ.

......വോയ്സ്....

128 പോയിന്റുകളോടെയാണ് പരവനടുക്കം മോഡൽ റസിഡൻഷ്യൽ സ്കൂൾ കിരീടം ചൂടിയത്. . 126 പോയിന്റുകളോടെ കട്ടേല ഡോ. അംബേദ്കർ മോഡൽ റെസിഡൻഷ്യൽ സ്കൂൾ രണ്ടാം സ്ഥാനവും 116 പോയിന്റുകളോടെ നൂൽപ്പുഴ ആർ ജി എം ആർ എച്ച് എസ് എസ് മൂന്നാം സ്ഥാനവും നേടി.

ഹോസ്റ്റൽ വിഭാഗത്തിൽ കണ്ണൂർ ടി ഡി ഒ ഐ ടി ഡി പി. ഓവർ ഓൾ കിരീടം നേടി. ആലപ്പുഴ മായിത്തറ പ്രീമെട്രിക് ഹോസ്റ്റൽ റണ്ണറപ്പായി. ബോയ്സ് സ്കൂളിൽ കുളത്തൂപ്പുഴ എം ആർ എസ് , നല്ലൂർ നാട് അംബേദ്കർ

മെമ്മോറിയൽ എം ആർ എസ്  എന്നിവ 82 പോയിന്റുകളോടെ ഒന്നാം സ്ഥാനത്തെത്തി.

ജൂനിയർ വിഭാഗത്തിൽ ഇടുക്കി ഇ എം ആർ എസിലെ അർച്ചന മഗേഷും സീനിയർ വിഭാഗത്തിൽ അട്ടപ്പാടി എംആർഎസിലെ കെ അതിഷ്ണയും കലാതിലകമായി.

. 22 മോഡൽ റെസിഡൻഷ്യൽ സ്കൂളിലെയും 120 ഹോസ്റ്റലുകളിലെയും 1500 ഓളം വിദ്യാർത്ഥികളാണ് കലാമേളയിൽ പങ്കെടുത്തത്. സമാപന സമ്മേളനം മന്ത്രി ഒ ആർ കേളു  ഉദ്ഘാടനം ചെയ്തു

✪✪✪

മകരവിളക്ക് മഹോത്സവത്തിനായി നട തുറന്ന  ശബരിമലയിൽ പുലർച്ചെ മുതൽ പൂജകൾ ആരംഭിച്ചു. ജനുവരി 11ന് എരുമേലി പേട്ടതുള്ളൽ നടത്തും. പന്തളത്തു നിന്നും തിരുവാഭരണഘോഷയാത്ര ജനുവരി 12ന് സന്നിധാനത്തേയ്ക്ക് തിരിക്കും. 13ന് പമ്പ വിളക്കും പമ്പസദ്യയും നടത്തും. ജനുവരി 14നാണ് മകരവിളക്ക് മഹോത്സവം.

അന്ന് വൈകിട്ട് തിരുവാഭരണം ചാർത്തി അയ്യന് ദീപാരാധനയും തുടർന്ന് മകര ജ്യോതി ദർശനവും നടക്കും.  മകരവിളക്ക് തീർഥാടനം പൂർത്തിയാക്കി ജനുവരി 20ന് രാവിലെ 6.30 ന് നട അടയ്ക്കും.

✪✪✪

ഇന്ത്യ - ശ്രീലങ്ക വനിതാ  ട്വന്റി- 20 ക്രിക്കറ്റ് പരമ്പരയിലെ അഞ്ചാമത്തെയും, അവസാനത്തെയും മത്സരത്തിൽ ഇന്ത്യ ശ്രീലങ്കയെ 15 റൺസിന് തകർത്തു. ക്യാപ്റ്റൻ ഹർമൻ പ്രീത് കൗറിന്റെ അർധ സെഞ്ച്വറി മികവിലാണ് ഇന്ത്യൻ വനിതകളുടെ  ജയം. എല്ലാ മത്സരങ്ങളും ജയിച്ച ഇന്ത്യ ആദ്യ മൂന്ന് മത്സരത്തിലും വിജയിച്ച് നേരത്തെ തന്നെ പരമ്പര സ്വന്തമാക്കിയിരുന്നു.

ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ 20 ഓവറിൽ 7 വിക്കറ്റ് നഷ്ടത്തിൽ 175 റൺസെടുത്തു. 176 റൺസ് വിജയലക്ഷ്യവുമായി മറുപടി ബാറ്റിംഗിനിറങ്ങിയ ശ്രീലങ്കയ്ക്ക് 20 ഓവറിൽ 7 വിക്കറ്റ് നഷ്ടത്തിൽ 160 റൺസെടുക്കാനേ കഴിഞ്ഞുള്ളൂ .

ഹർമൻ പ്രീതാണ് കളിയിലെ താരം. ഷഫാലി വർമയാണ് ടൂർണമെന്റിലെ താരം.

✪✪✪

ദക്ഷിണ മേഖല അന്തർ സർവകലാശാല ഫുട്ബോൾ കിരീടം കണ്ണൂർ സർവകലാശാലക്ക്. കാലിക്കറ്റ് സർവകലാശാല സ്റ്റേഡിയത്തിൽ നടന്ന കലാശ പോരാട്ടത്തിൽ 2 നെതിരെ 3 ഗോളുകൾക്ക് കാലിക്കറ്റ് നെ തോൽപ്പിച്ചാണ് കണ്ണൂർ ജേതാക്കളായത്.

✪✪✪

സ്വാതന്ത്ര്യസമരസേനാനിയും കമ്മ്യൂണിസ്റ്റ് കർഷക പ്രസ്ഥാനത്തിന്റെ പോരാളിയുമായിരുന്ന വടക്കില്ലം ഗോവിന്ദൻ നമ്പൂതിരിയുടെ സ്മരണാർത്ഥം ഏർപ്പെടുത്തിയ നാലാമത് പുരസ്കാരം നോവലിസ്റ്റും കഥാകാരനുമായ ദാമോദരൻ കുളപ്പുറത്തിന് സമ്മാനിക്കും. 25,000 രൂപയും ശിൽപ്പവും പ്രശസ്തി പത്രവുമടങ്ങുന്നതാണ് പുരസ്കാരം.

ജനുവരി 25ന് കണ്ണൂർ പുറച്ചേരിയിലെ വടക്കില്ലത്ത് നടക്കുന്ന അനുസ്മരണ സമ്മേളനത്തിൽ ഡോ. ഇ.വി. രാമകൃഷ്ണൻ അവാർഡ് സമർപ്പിക്കും.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader:ഫസ്ന ഫാത്തിമ*
*NRTs : നിമിഷ ജി*
*DEO : സി കെ സുബോധ്*